# കേരള നിയമസഭ
# 16.07.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലായ് 16, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

## പോലീസ് - മാഫിയാ ബന്ധം

*751 ഡോ. കെ. ടി. ജലീൽ
ശ്രീ. എം. എ. ബേബി
,, ജി. സുധാകരൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥന്മാരും, മാഫിയാസംഘടനകളും തമ്മിലുള്ള ബന്ധം ശക്തിപ്പെട്ടിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്രിമിനൽ-മാഫിയാ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർ എത്രപേർ ഇപ്പോൾ സർവ്വീസിൽ തുടരുന്നുണ്ട്; ഈ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടുന്നവരെ സംബന്ധിച്ച പരിശോധന ഏറ്റവും ഒടുവിൽ നടത്തിയത് എപ്പോഴാണ്;

(സി) മാഫിയകളെയും പോലീസുകാരെയും ഏകോപിപ്പിക്കുന്ന ഉന്നതതല ഇടപെടലുകൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>കോൾഡ് ചെയിൻ പദ്ധതി</u>

*752 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
'' സി. പി. മുഹമ്മദ്
''ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) മൽസ്യ വിഭവങ്ങളുടെ ഗുണമേൻമ ഉറപ്പാക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കോൾഡ് ചെയിൻ പദ്ധതി എന്ന് മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മൽസ്യ വിഭവങ്ങളുടെ ഗുണമേൻമയും വിനിയോഗവും ഉറപ്പുവരുത്തുന്നതിനായി കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ ഫിഷറീസ് വകുപ്പ് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>ട്രാഫിക് വിംഗിന്റെ രൂപീകരണം</u>

*753 ശ്രീ. ഷാഫി പറമ്പിൽ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ട്രാഫിക് വിംഗിന്റെ രൂപീകരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>കൊക്കൊ കോള കമ്പനി പ്രവര്‍ത്തിക്കുന്നതുമായി ബന്ധപ്പെട്ട് അന്വേഷണം</u>

*754 ശ്രീ. കെ. വി. വിജയദാസ്
,, എ.കെ. ബാലന്‍
,, കെ. വി. അബ്ദുള്‍ ഖാദര്‍
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുഖ്യമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കൊക്കൊ കോള കമ്പനി പ്രവര്‍ത്തിക്കുന്നതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിന് ഏത് ഉന്നതാധികാര സമിതിയെയാണ് നിയോഗിച്ചിരുന്നത്;

(ബി) സമിതിയുടെ കണ്ടെത്തലുകള്‍ വിശദമാക്കുമോ;

(സി) ഈ കമ്പനിക്ക് നികുതി ഇളവ് ചെയ്തുകൊടുക്കണമെന്ന് കോടതി വിധി ഉണ്ടായിരുന്നോ;

(ഡി) എങ്കില്‍ ഈ വിധിക്കെതിരെ അപ്പീല്‍ നല്‍കിയിരുന്നോ;

(ഇ) ഇല്ലെങ്കില്‍ നല്‍കാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി നടപടികൾ</u>

*755 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരത്തുനിന്നും മത്സ്യബന്ധനത്തിനുപോകുന്ന ബോട്ടുകൾക്കും, വളളങ്ങൾക്കും കപ്പലുകളിൽ നിന്നും, അതിലെ സുരക്ഷാ ഉദ്യോഗസ്ഥരിൽ നിന്നും നേരിടാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) അന്തർദേശീയ കപ്പൽ ചാലിൽ മീൻപിടിത്ത വള്ളങ്ങൾ അബദ്ധത്തിൽ കടക്കാതിരിക്കാനുളള ബോധവല്ക്കരണ നടപടികൾ നടത്താറുണ്ടോ;

(സി) വ്യത്യസ്ത കാരണങ്ങളാൽ കപ്പൽ ചാൽവിട്ട് തീരത്തോടടുത്ത് സഞ്ചരിക്കുന്ന കപ്പലുകളെ നിയന്ത്രിക്കുന്നതിനും, അവയിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ഭീഷണിയുണ്ടാവാതിരിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

*756 ശ്രീ. കെ. എൻ. എ. ഖാദർ
,, റ്റി. എ. അഹമ്മദ് കബീർ
,, സി. മോയിൻകുട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിൽ വന്ന ശേഷം സിവിൽ സർവ്വീസിന്റെ പ്രവർത്തനത്തിൽ ഉണ്ടായ മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിയമം നടപ്പാക്കാനാവശ്യമായ ചട്ടങ്ങളെല്ലാം പുറപ്പെടുവിച്ചു കഴിഞ്ഞോ എന്നും, ഇല്ലെങ്കിൽ എന്നത്തേക്ക് പുറപ്പെടുവിക്കാനാകും എന്നും വിശദമാക്കുമോ;

(സി) ഓരോ ഓഫീസിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ, അവ ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള സമയപരിധി എന്നിവ നിജപ്പെടുത്തുന്ന കാര്യത്തിൽ എന്തെങ്കിലും ആശയക്കുഴപ്പമോ, ബുദ്ധിമുട്ടോ അനുഭവപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ലഭ്യമാക്കുന്ന സേവനവും, സമയപരിധിയും, ഫീസുണ്ടെങ്കിൽ ഫീസ് നിരക്കും സംബന്ധിച്ച വിവരങ്ങൾ ഓരോ ഓഫീസിലും പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 16.07.2013-ലെ മറുപടിക്ക്

<u>കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് അഡൈ്വസറി ബോർഡിന്റെ ചുമതലകൾ</u>

*757 ശ്രീ. കെ.കെ. ജയചന്ദ്രൻ
,, ഇ.പി. ജയരാജൻ
,, എ.കെ. ബാലൻ
,, എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് 2007, സംസ്ഥാനത്ത് വളരെയധികം ദുരുപയോഗം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട അഡൈ്വസറി ബോർഡിന്റെ ചുമതലകളും അധികാരങ്ങളും വിശദമാക്കാമോ;

(സി) നിലവിലുള്ള അഡൈ്വസറി ബോർഡ് ഐ.ജി. അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ച് ചേർക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം ആവശ്യത്തിലേക്കായിരുന്നു യോഗങ്ങൾ; ബോർഡ് ഇതിനകം ഏതെല്ലാം സ്ഥലങ്ങളിൽ യോഗങ്ങൾ വിളിച്ച് ചേർക്കുകയുണ്ടായി; പ്രസ്തുത യോഗങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; ഇതെല്ലാം ഏത് നിയമവ്യവസ്ഥപ്രകാരമാണെന്ന് പരിശോധിക്കുമോ;

(ഡി) ബോർഡ് അധികാരപരിധി വിട്ട്, ജില്ലകളിൽ പുതിയ കേസുകൾ എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിന് ബോർഡിനധികാരമുണ്ടോ;

(ഇ) പോലീസ് എടുത്ത കേസുകളിന്മേൽ ഉണ്ടാകുന്ന പ്രവർത്തനങ്ങളിൽ ഇടപെടാനല്ലാതെ ബോർഡിന് രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായുള്ള സന്ദർഭങ്ങളിൽ കേസെടുക്കാൻ പോലീസിന് നിർദ്ദേശം നൽകാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**16.07.2013-ലെ മറുപടിക്ക്**

<u>രാജ്യത്തിനു പുറത്തേയ്ക്ക് പണം കടത്തുന്നത്</u>
<u>തടയാൻ നടപടി</u>

*T-758 ശ്രീ. വി. ശശി
,, ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും കമ്പനികൾ രാജ്യത്തിനു പുറത്തേയ്ക്ക് പണം കടത്തുന്നത് തടയണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഏജൻസികൾക്ക് ഗവൺമെന്റിൽ നിന്നും കത്തയച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികൾ;

(ബി) ഇത്തരത്തിൽ ആവശ്യപ്പെടാൻ യഥാസമയം കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കമ്പനികൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടന്നു വരുന്നുണ്ടോ; എങ്കിൽ അന്വേഷണങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 16.07.2013-ലെ മറുപടിക്ക്

കായിക വികസനത്തിന് കേരള സ്പോർട്സ് കൗൺസിൽ സമർപ്പിച്ച നിർദ്ദേശങ്ങൾ

*759 ശ്രീ. എം. ഹംസ
,, വി. ശിവൻകുട്ടി
ശ്രീമതി കെ. കെ. ലതിക
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായിക വികസനത്തിന് കേരള സ്പോർട്സ് കൗൺസിൽ സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കായിക പ്രതിഭകളെ അന്തർദേശീയ കായികതാരങ്ങളാക്കി മാറ്റിയെടുക്കുന്നതിൽ സംസ്ഥാനം പരാജയപ്പെടുന്നത് എന്തുകൊണ്ടാണ്;

(സി) ഇതിനായി ഗുണകരമായ പദ്ധതികൾ സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തയ്യാറാകുമോ?

## കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>സൊസൈറ്റി ഫോർ അസിസ്റ്റൻസ് റ്റു ഫിഷർവിമൻ</u>

*760 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ (സാഫ്), തീരദേശ മേഖലയിലെ തൊഴിൽ വികസനം ലക്ഷ്യമാക്കി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 2012-13-ൽ 'സാഫ്' തൊഴിൽ വികസനം ലക്ഷ്യമാക്കി എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) നടപ്പുവർഷം കൂടുതൽ തുക 'സാഫ്' വഴി മൽസ്യമേഖലയിൽ ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം</u>

*761 ശ്രീ. തോമസ് ഉണ്ണിയാടന്‍
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ സമുദായത്തില്‍പ്പെട്ടവരുടെ ക്ഷേമത്തിനായി ഈ സര്‍ക്കാര്‍ ചെയ്തുവരുന്ന പദ്ധതികള്‍ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പട്ടികവര്‍ഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം സാദ്ധ്യമാക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

നിയമ അവബോധം ഉണ്ടാക്കുന്നതിന് പാഠ്യഭാഗമാക്കുവാൻ നടപടി

*762 ശ്രീ. പി. കെ. ബഷീർ
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലനില്ക്കുന്നതും, പുതുതായി നിർമ്മിക്കുന്നതുമായ നിയമങ്ങൾ അനുസരിക്കുന്നതിനുള്ള അവബോധം എല്ലാ വിഭാഗം ജനങ്ങളിലും നിലനിർത്താൻ സർക്കാർ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രാഥമികതലം മുതലുള്ള പാഠപുസ്തകങ്ങളിൽ പാഠഭാഗങ്ങൾ ഉൾപ്പെടുത്താനും, അത് ശരിയായ വിധം അഭ്യസിപ്പിക്കാനും സഹായകരമായ വിധം വിദ്യാഭ്യാസ നയത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) മന:പ്പൂർവ്വമായ നിയമനിഷേധങ്ങൾക്കെതിരെ സത്വര നടപടികൾ സ്വീകരിക്കാൻ തക്കവിധം ഭരണ സംവിധാനം കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

**സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് കർമ്മപദ്ധതി**

*763 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ആരുടെ മേൽനോട്ടത്തിലാണ് ഇത് നടന്നുവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വികസിപ്പിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ വർഷം എത്ര ശതമാനം പദ്ധതികളുടെ പണി പൂർത്തിയാക്കാനാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>അയൽ സംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സുരക്ഷ</u>

*764 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
'' എൻ. എ. നെല്ലിക്കുന്ന്
'' എൻ. ഷംസുദ്ദീൻ
'' സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹപാഠികളിൽ നിന്നും ക്രൂര പീഡനം നേരിടേണ്ടിവരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ വിദ്യാർത്ഥികളെ റാഗു ചെയ്യുക, പണം തട്ടിയെടുക്കുക, മയക്കുമരുന്നുകൾക്ക് അടിമയാക്കുക, അക്രമവാസന വളർത്തുക തുടങ്ങിയ ഗുരുതര ക്രിമിനൽ ലക്ഷ്യങ്ങൾ ഇതോടനുബന്ധിച്ചുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം കുട്ടികളുടെ സുരക്ഷ സംബന്ധിച്ച് അയൽ സംസ്ഥാന സർക്കാരുകളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗക്കാര്‍ക്കായി സമഗ്ര ആരോഗ്യ പദ്ധതി</u>

*765 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
'' വി. പി. സജീന്ദ്രന്‍
'' കെ. മുരളീധരന്‍
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗക്കാര്‍ക്കായി സമഗ്ര ആരോഗ്യ പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

എക്സൈസ് ഉദ്യോഗസ്ഥർക്ക് ആയുധം നൽകുന്നതിന് നടപടി

*766 ശ്രീ. അൻവർ സാദത്ത്
,, എം. പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർക്ക് ആയുധം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം എന്തെല്ലാമാണ്;

(ബി) ഏത് തലത്തിലുള്ള ഉദ്യോഗസ്ഥർക്കാണ് ആയുധം നൽകാൻ നിശ്ചയിച്ചിട്ടുള്ളത് ;

(സി) എക്സൈസ് ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ എവിടെയാണ് പ്രസ്തുത പരിശീലന പരിപാടി നടക്കുന്നത് ;

(ഡി) എക്സൈസ് സേനയെ ആയുധ സജ്ജരാക്കി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>ബോട്ടുകളുടെ സുരക്ഷാ പരിശോധന</u>

*767 ശ്രീ. എ.റ്റി.ജോർജ്
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബോട്ടുകളുടെ സുരക്ഷാ പരിശോധന കാര്യക്ഷമമായും കാലാകാലങ്ങളിലും നടത്താറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇൻലാന്റ് വെസൽ റൂൾസ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ;

(സി) മൺസൂൺ കാലത്തിന് മുമ്പായി എല്ലാ വെസലുകളും നിർബന്ധമായും പരിശോധിക്കുവാനുള്ള സംവിധാനം ഒരുക്കുമോ;

(ഡി) ഇൻലാന്റ് വെസൽ റൂൾസ് പ്രകാരം സംസ്ഥാനത്ത് എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഈയിനത്തിൽ എന്തു തുക ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>ജയിലുകളിൽ മത തീവ്രവാദികളുടെ പ്രവർത്തനം</u>

*768 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
'' ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ മത തീവ്രവാദികളുടെ പ്രവർത്തനം ശക്തിപ്പെടുന്നുവെന്ന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഈ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പരോളിൽ പുറത്തിറങ്ങുന്ന തടവുകാർ മത തീവ്രവാദ സംഘടനകളുമായി ബന്ധപ്പെടുന്നുണ്ടെന്ന അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനം</u>

*769 ശ്രീ. സി. പി. മുഹമ്മദ്
,, വര്‍ക്കല കഹാര്‍
,, റ്റി. എന്‍. പ്രതാപന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ സമഗ്ര വികസനം സംബന്ധിച്ച പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനായി നാളിതുവരെ എന്ത് തുക ചെലവഴിച്ചു;

(സി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതിയുടെ പ്രവര്‍ത്തനങ്ങള്‍ നടക്കുന്നത്;

(ഡി) ഇക്കാര്യങ്ങള്‍ നടപ്പാക്കുന്നതിനായി കോസ്റ്റല്‍ ഏരിയ വികസന കോര്‍പ്പറേഷന് വിദഗ്ദ്ധരുടെ സേവനം ലഭ്യമാണോ;

(ഇ) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂര്‍ത്തിയാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 16.07.2013-ലെ മറുപടിക്ക്

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ

*770 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കെ. നാരായണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ പരിസ്ഥിതി സംരക്ഷണത്തോട് ഇപ്പോഴുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) മത്സ്യമേഖലയിലെയും വനമേഖലയിലെയും മുഖ്യപരിസ്ഥിതി പ്രവർത്തനങ്ങളോടൊപ്പം വയൽ നികത്തലും അനിയന്ത്രിതമായ മണൽവാരലും തോടുകളും കുളങ്ങളും മൂടുന്നതുമെല്ലാം നിയന്ത്രിക്കുന്നതിനും പരിസ്ഥിതി സംരംക്ഷണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; ക്രിയാത്മകമായ എന്തു നടപടിയാണ് ഈ രംഗത്ത് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

ട്രോളിംഗ് നിരോധന സമയത്ത് വൻകിട കപ്പലുകളുടെ മൽസ്യബന്ധനം

*771 ശ്രീ. സി. കെ. സദാശിവൻ
,, എസ്. ശർമ്മ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന സമയത്ത് കേരള തീരത്തിന്റെ ആഴക്കടലിൽ വൻകിട കപ്പലുകാർ മീൻ പിടിക്കുന്നതായി അറിയാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് അനുമതിയോടുകൂടിയാണിത് നടക്കുന്നതെന്നറിയാമോ; മത്സ്യബന്ധനം നടത്തുന്നതിന് എത്ര വൻകിട കപ്പലുകാർക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടെന്ന് സംസ്ഥാന ഗവൺമെന്റിന് അറിയാമോ;

(സി) ഇതിനെതിരെ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ പരാതി സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന് ലഭിച്ച ഉറപ്പുകൾ എന്താണ്?

# കേരള നിയമസഭ
# 16.07.2013-ലെ മറുപടിക്ക്

<u>സംയോജിത കണ്ടൽ ജല കൃഷി</u>

*T-772 ശ്രീ. പി. തിലോത്തമൻ
,, സി. ദിവാകരൻ
,, കെ. അജിത്
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത കണ്ടൽ ജല കൃഷി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; ഇതിനായി ലഭിക്കുന്ന കേന്ദ്ര സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എന്തെല്ലാമാണ് നടപ്പാക്കുന്നത്; ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിന് ഇനി എത്ര കാലയളവാണ് വേണ്ടിവരുന്നത്;

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതിന് എത്ര കാലയളവ് വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

**സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായ രീതി**

*773 ശ്രീ. വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) ധനസഹായങ്ങൾക്കും, സ്പോർട്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റുകളും ഇലക്ട്രോണിക് ട്രാൻസ്ഫർ വഴി വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകാമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

മല്‍സ്യ മേഖലയുടെ വികസനം

*774 ശ്രീ. ബെന്നി ബെഹനാന്‍
,, ആര്‍. സെല്‍വരാജ്
,, അന്‍വര്‍ സാദത്ത്
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മല്‍സ്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി ഈ സര്‍ക്കാര്‍ സ്വീകരിച്ച നടപടികള്‍ വെളിപ്പെടുത്തുമോ;

(ബി) മല്‍സ്യമേഖലയുടെ വികസനം സര്‍ക്കാരിന്റെ മുഖ്യ അജണ്ടകളില്‍ ഒന്നായി നിശ്ചയിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇന്‍ഡ്യയുടെ മല്‍സ്യ കയറ്റുമതിയുടെ 15% കേരളത്തിന്റെ വിഹിതമാണെന്ന നിലയില്‍ ഈ മേഖലയുടെ വികസനം കൂടുതല്‍ വരുമാനം നേടിത്തരുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മല്‍സ്യമേഖലയുടെ വികസനം സര്‍ക്കാരിന്റെ പ്രധാന അജണ്ടകളിലൊന്നായി നിശ്ചയിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>മലയാള ഭാഷയ്ക്കു ശ്രേഷ്ഠപദവി ലഭിച്ചതു മുഖേന ഉണ്ടാകാവുന്ന നേട്ടങ്ങൾ</u>

*775 ശ്രീ. എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയ്ക്കു ശ്രേഷ്ഠപദവി ലഭിച്ചതു മുഖേന ഉണ്ടാകാവുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് ഈ പ്രഖ്യാപനം എന്തൊക്കെ ഗുണഫലങ്ങളുണ്ടാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നല്കാമോ;

(സി) ഔദ്യോഗിക രംഗത്ത് മലയാള ഭാഷയുടെ ഉപയോഗം സമ്പൂർണ്ണമാക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>ഫയർ ആന്റ് റസ്ക്യൂ സർവ്വീസിനെ ദ്രുതകർമ്മ സേനയായി മാറ്റുന്നതിന് പദ്ധതി</u>

*776 ശ്രീ. ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസിനെ ദ്രുതകർമ്മ സേനയായി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>കാട്ടാനകളെ തുരത്തുവാന്‍ സംവിധാനം</u>

*777 ശ്രീ. എം. പി. വിന്‍സെന്റ്
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷിഭൂമിയിലും മനുഷ്യരുടെ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെ തുരത്തുവാന്‍ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി സ്ഥിരം ടാസ്ക് ഫോഴ്സുകള്‍ സ്ഥാപിക്കുന്ന കാര്യം ആലോചനയിലുണ്ടോ; വിശദാംശങ്ങളെന്തെല്ലാം;

(സി) ഇതിന്റെ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സജ്ജീകരണങ്ങളാണ് ഇതിനായി ടാസ്ക് ഫോഴ്സുകള്‍ക്ക് നല്‍കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>തീരമൈത്രി പദ്ധതി</u>

*778 ശ്രീ. തോമസ് ചാണ്ടി
,, എ.കെ.ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരമൈത്രി പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി തീരദേശത്തെ അടിസ്ഥാന സൗകര്യത്തിനായി 200 കോടി രൂപയുടെ പദ്ധതിയ്ക്ക് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മേൽ സൂചിപ്പിച്ച പദ്ധതി പ്രായോഗിമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) സീറാഞ്ചിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി കഴിഞ്ഞ വർഷം എത്ര തുക അനുവദിച്ചെന്നും, ഇതിൽ എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ; ഈ പദ്ധതി കുറ്റമറ്റ രീതിയിൽ പുന:രാവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 16.07.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്
പ്രാദേശികമായ സംവിധാനങ്ങൾ</u>

*779 ശ്രീ. രാജു എബ്രഹാം
,, എ. കെ. ബാലൻ
,, കെ. രാധാകൃഷ്ണൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആഘാത അവലോകനം സാധ്യമാക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രാദേശികമായ സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇതിനായുള്ള പ്രാദേശിക കേന്ദ്രങ്ങൾ സജ്ജമാക്കണമെന്ന ആവശ്യം പരിഗണിക്കാമോ; ഈ ദിശയിൽ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 16.07.2013-ലെ മറുപടിക്ക്

<u>സുനാമി അടിയന്തിര സഹായ പദ്ധതി</u>

*780 ശ്രീ. പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി അടിയന്തിര സഹായ പദ്ധതി (റ്റി. ഇ. എ. പി) ഫിഷറീസ് വകുപ്പിലെ ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിൽ തീരദേശത്തെ വനിതകളെ സഹായിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണുൾപ്പെടുത്തിയിട്ടുള്ളത്; അവയുടെ പുരോഗതി എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സുനാമി അടിയന്തിര സഹായ പദ്ധതിയുടെ പ്രയോജനം കൂടുതൽ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂലായ് 7.

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)].